# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 07 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664
www.sabarimala.kerala.gov.in prdsabarimala2021@gmail.com

---

# പ്ലാസ്റ്റിക്കിനെതിരെ ബോധവൽക്കരണവുമായി പുണ്യം പൂങ്കാവനം പ്രവർത്തകർ

പുണ്യം പൂങ്കാവനം പദ്ധതിയുടെ ഭാഗമായി ശബരിമല സന്നിധാനത്ത് പ്ലാസ്റ്റിക്കിനെതിരെ ബോധവൽക്കരണം നടത്തി. കേരള പോലീസിന്റെ നേതൃത്വത്തിൽ ആർ.എ.എഫ്, കേന്ദ്രസേന, ഫയർഫോഴ്സ്, എക്സൈസ്, അഖില ഭാരത അയ്യപ്പസേവാസംഘം, വിശുദ്ധിസേന പ്രവർത്തകർ തുടങ്ങിയവർ ചേർന്നാണ് ശുചീകരണവും പ്ലാസ്റ്റിക്കിനെതിരായ ബോധവൽക്കരണവും നടത്തിയത്.

സന്നിധാനത്ത് ഡിവൈഎസ്പി എം. രമേഷ് കുമാർ, ആംഡ് പോലീസ് ഇൻസ്പെക്ടർ പി.എം. ഗോപി, ആംഡ് സബ് ഇൻസ്പെക്ടർ വി. അനിൽകുമാർ എന്നിവരുടെയും പമ്പയിൽ ആംഡ് സബ് ഇൻസ്പെക്ടർ സജി മുരളി, നിലയ്ക്കൽ ആംഡ് സബ് ഇൻസ്പെക്ടർ ജയകുമാർ, എരുമേലിയിൽ ആംഡ് സബ് ഇൻസ്പെക്ടർ സുജിത്ത് എന്നിവരുടെയും നേതൃത്തിലാണ് പുണ്യം പൂങ്കാവനം ശുചീകരണവും ബോധവത്കരണവും

നടത്തിവരുന്നത്.

പ്രകൃതിയെ സംരക്ഷിക്കുക, ശബരിമലയെ പ്ലാസ്റ്റിക് മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2010 ലാണ് ശബരിമല സന്നിധാനത്ത് പുണ്യം പൂങ്കാവനം പദ്ധതി തുടങ്ങിയത്.

**(പി.ആർ. ശബരി-108)**

## ശബരിമലയിലെ നാളത്തെ (08.12,2021) ചടങ്ങുകൾ

പുലർച്ചെ 3.30 ന് പള്ളി ഉണർത്തൽ
4 മണിക്ക്.... തിരുനട തുറക്കല്
4.05 ന്..... അഭിഷേകം
4.30 ന് ...ഗണപതി ഹോമം
5 മണി മുതല് 7 മണി വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
8 മണി മുതല് ഉദയാസ്തമന പൂജ
11.30 ന് 25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കല്
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
9 മണിക്ക് ....അത്താഴപൂജ
9.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 10 മണിക്ക് ശ്രീകോവില് നട അടയ്ക്കും.

**(പി.ആർ. ശബരി-109)**

## ഭാരത് ബയോടെക് എംഡി ഡോ. കൃഷ്ണ എല്ല ശബരിമലയിൽ ദർശനം നടത്തി
## അന്നദാനത്തിന് ഒരു കോടി നൽകി

ഭാരത് ബയോടെക് ഇന്റർനാഷണൽ ലിമിറ്റഡ് ചെയർമാനും എംഡിയുമായ ഡോ. കൃഷ്ണ എല്ലയും ഭാര്യ സുചിത്ര എല്ലയും ശബരിമലയിൽ ദർശനം നടത്തി. ശബരിമലയിലെ അന്നദാനത്തിലേക്ക് ഒരു കോടി രൂപ അദ്ദേഹം സംഭാവന നൽകി. ശബരിമലയിലെ വികസനത്തിനും ജീവനക്കാരുടെ ആരോഗ്യ സംരക്ഷണത്തിനും വേ എന്ത് സഹായങ്ങൾ ചെയ്യാൻ തയ്യാറാണെന്നും അദ്ദേഹം അറിയിച്ചു. സംഭാവന നൽകിയ ഡോ. കൃഷ്ണ എല്ലയെ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ

ഫോണിൽ വിളിച്ച് നന്ദി അറിയിച്ചു. എക്സിക്യൂട്ടിവ് ഓഫീസർ വി. കൃഷ്ണ കുമാര വാരിയർക്ക് ഓൺലൈൻ ട്രാൻസ്ഫർ വഴിയാണ് തുക കൈമാറി യത്.

ചൊവ്വാഴ്ച രാവിലെ 11.30-ഓടെ തിരുവിതാകൂർ ദേവസ്വം ബോർഡ് കോ-ഓർഡിനേറ്റർ കെ റജികുമാറിനൊപ്പമാണ് ഇരുവരും സന്നിധാനത്തെ ത്തിയത്. ദർശനത്തിന് ശേഷം തന്ത്രി കണ്ഠര് മഹേശ്വരര് മോഹനര്, മേൽ ശാന്തി എൻ. പരമേശ്വരൻ നമ്പൂതിരി, മാളികപ്പുറം മേൽശാന്തി അതിയിടം കുറുവക്കാട് ശംഭു നമ്പൂതിരി എന്നിവരെ സന്ദർശിച്ച് പ്രസാദം സ്വീകരിച്ച ശേഷം ഉച്ചയ്ക്ക് ഹെലികോപ്റ്റർ മാർഗം ഇരുവരും ഗുരുവായൂർക്ക് പോയി.

**(പി.ആർ. ശബരി-110)**

## കേശാദിപാദം പാടാൻ പറകൊട്ടിപാട്ടുകാർ സന്നിധാനത്ത് സജീവം

തല മുതൽ പാദം വരെ പാണച്ചെടിയുടെ ഇല കൊ ് ഉഴിഞ്ഞ്, ഭക്തന്റെ കണ്ണുദോഷം മാറ്റാൻ പറ കൊട്ടി പാട്ടുകാർ ഇത്തവണയും സന്നിധാനത്ത് സജീവമാണ്. മാളികപ്പുറത്തമ്മയെ തൊഴുത് മണിമണ്ഡപത്തിലെത്തുമ്പോൾ ഭക്തനെയും കാത്ത് കേശാദിപാദം പാട്ടു പാടാൻ പറകൊട്ടി പാട്ടുകാർ കാത്തിരിപ്പു ്. പരമ്പരാഗതമായി വേലൻ സമുദായത്തിൽപ്പെട്ടവരുടെ അവകാശമാണിത്. 12 പേരാണ് ഇപ്രാവശ്യം സന്നിധാനത്ത് പറകൊട്ടി പാട്ടിനെത്തിയിട്ടുള്ളത്. വഴിപാടുകാർ ഇഷ്ടത്തോടെ നൽകുന്ന ദക്ഷിണയാണ് ഇവർ സ്വീകരിക്കുന്നത്.

ആട്ടിൻ തോലുപയോഗിച്ച് ചൊടലി, ചൂരൽ എന്നിവയിലാണ് വാദ്യ ഉപകരണമായ പറ തയാറാക്കുന്നത്. തെറ്റി, തുളസി, ചെമ്പകം, ചെമ്പരത്തി, അശോകം, മുല്ല, കമ്പ് ഇവയിൽ ഏതെങ്കിലുമൊന്നാണ് പറ കൊട്ടാൻ ഉപയോഗിക്കുന്നത്. 20 മിനുട്ടുള്ള കേശാദിപാദം പാട്ട് പൂർത്തിയാകുമ്പോൾ ഭക്തനെ ഭസ്മം തൊട്ട് അനുഗ്രഹിക്കുന്നതോടെയാണ് ചടങ്ങ് പൂർത്തയാകുക. വൃശ്ചികം ഒന്ന് മുതൽ മകരവിളക്ക് വരെയും പറകൊട്ടി പാട്ടുകാർ സന്നിധാനത്തു ാകും. മലയാള മാസം ഒന്നു മുതൽ ശബരിമല നടതുറക്കുമ്പോഴും ഇവർ സന്നിധാനത്തു ാകും. മാടമൺ, വെള്ളിയൂർ, ആറന്മുള, തിരുവൻവ ൂർ എന്നിവിടങ്ങളിൽ നിന്നുള്ളവരാണ് വർഷങ്ങളായി പറകൊട്ടിപാടാൻ എത്തുന്നത്.

**(പി.ആർ. ശബരി-111)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

**PRD LIVE**
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും **PRD LIVE** ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും **PRD LIVE**
ഡൗൺലോഡ് ചെയ്യാം.